# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 03.03.2026** **TIME : 07.25 PM**

## പ്രധാന

1. **നിർമ്മാണ മേഖലയിൽ ലോകമുറ്റുനോക്കുന്ന വിശ്വസനീയവും സ്ഥിരതയുള്ളതുമായ പങ്കാളിയാകാൻ ഇന്ത്യയ്ക്ക് കഴിയുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**

   **PM Narendra Modi says, India has the potential to become a globally trusted and sustainable partner in the manufacturing sector.**

2. **5,083 കോടി രൂപയുടെ പ്രതിരോധ കരാറുകളിൽ ഒപ്പുവച്ച് ഇന്ത്യ; സമുദ്ര സുരക്ഷ വർധിപ്പിക്കുക സുപ്രധാന ലക്ഷ്യം.**

   **India Signs Defence Contracts Worth ₹5,083 Crore, with enhancing maritime security as a key objective.**

3. **ഇറാൻ ഇസ്രായേൽ സംഘർഷത്തിൽ പശ്ചിമേഷ്യൻ മേഖലയിൽ അശാന്തി പടരുന്നു. നയതന്ത്രത്തിനും സംഭാഷണത്തിനുമുള്ള ആഹ്വാനം ആവർത്തിച്ച് ഇന്ത്യ.**

   **Amid the Iran–Israel conflict, unrest is spreading across the West Asian region. India reiterates call for diplomacy and dialogue.**

4. **ടെഹ്റാനിലുണ്ടായിരുന്ന ഇന്ത്യൻ വിദ്യാർത്ഥികളെ സുരക്ഷിതകേന്ദ്രങ്ങളിലേക്ക് മാറ്റിയതായി ഇറാനിലെ ഇന്ത്യൻ എംബസി.**

സംഘർഷം ഇന്ധന ലഭ്യതയെ ബാധിക്കില്ലെന്ന് പെട്രോളിയം മന്ത്രാലയം.

The Indian Embassy in Iran informs Indian students in Tehran have been moved to safer locations. The Petroleum Ministry states the ongoing conflict will not affect fuel availability.

5. **കേന്ദ്ര പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിൽ കേരളം മുൻപന്തിയിലെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ.**

   Kerala is at the forefront in effectively implementing central government schemes, says MoS George Kurian.

6. **ആറ്റുകാൽ ദേവിക്ക് പൊങ്കാല അർപ്പിച്ച നിർവൃതിയിൽ ഭക്ത ലക്ഷങ്ങൾ.**

   Lakhs of Devotees Offer Pongala to Attukal Devi in a Spirit of Devotion.

&&&&&&&&&&&&&&&&&&&&&&

## DEFENCE CONTRACTS

സമുദ്ര സുരക്ഷ വർധിപ്പിക്കുന്നത് ലക്ഷ്യമിട്ട് 5,083 കോടി രൂപയുടെ കരാറുകളിൽ ഒപ്പുവച്ച് പ്രതിരോധ മന്ത്രാലയം. തീരസംരക്ഷണ സേനയ്ക്കായി ആറ് അത്യാധുനിക ലൈറ്റ് ഹെലികോപ്റ്ററുകളും , ഇന്ത്യൻ നാവികസേനയക്കായി ഉപരിതലത്തിൽ നിന്ന് വിക്ഷേപിക്കാവുന്ന 'ഷ്റ്റിൽ' മിസൈലുകളും വാങ്ങാനുള്ളതാണ് കരാറുകൾ. ന്യൂഡൽഹിയിൽ പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗിന്റെ സാന്നിധ്യത്തിലാണ് കരാറുകൾ ഒപ്പുവച്ചത്. ഹെലികോപ്റ്ററുകൾ വാങ്ങുന്നതിനായി ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡുമായും മിസൈലുകൾക്കായി റഷ്യൻ ഫെഡറേഷന്റെ റോസോബോറോൺ എക്സ്പോർട്ടുമായാണ് കരാറുകളിലേർപ്പെട്ടത്.

&&&&&&&&&&&&&&&&&&&&&&

## PM WEBINAR ( INTRO)

നിർമ്മാണ മേഖലയിൽ ലോകമുറ്റുനോക്കുന്ന തരത്തിൽ വിശ്വസനീയവും സ്ഥിരതയുള്ളതുമായ പങ്കാളിയാകാൻ ഇന്ത്യയ്ക്ക് കഴിയുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വ്യവസായ മേഖല ഗുണനിലവാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും കൂടുതൽ നിർമ്മാണം, ഉത്പാദനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. സമ്പദ് വ്യവസ്ഥയുടെ വളർച്ച സുസ്ഥിരവും ശക്തവുമാക്കുക എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച ബജറ്റാനന്തര വെബിനാറിനെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.
( വോയിസ്.....)

**&&&&&&&&&&&&&&&&&&&&&&&&&&**

## MEA- WEST ASIA

പശ്ചിമേഷ്യയിലെ സംഘർഷത്തിൽ നയതന്ത്രത്തിനും സംഭാഷണത്തിനുമുള്ള ആഹ്വാനം ആവർത്തിച്ച് ഇന്ത്യ. ഗൾഫ് മേഖലയിലെ ഏകദേശം ഒരു കോടി ഇന്ത്യൻ പൗരന്മാരെ പ്രതികൂലമായി ബാധിക്കുന്ന ഒരു നീക്കത്തെയും ഇന്ത്യ അനുകൂലിക്കില്ലെന്ന് വിദേശകാര്യവക്താവ് ശ്രീ രൺധീർ ജയ്സ്വാൾ പറഞ്ഞു. എല്ലാ കക്ഷികളും സംയമനം പാലിക്കാനും, സാധാരണക്കാരുടെ സുരക്ഷയ്ക്ക് മുൻഗണന നൽകാനും അദ്ദേഹം അഭ്യർത്ഥിച്ചു. നിലവിലെ സാഹചര്യം സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്നും ദേശീയ താൽപ്പര്യം കണക്കിലെടുത്ത് ഉചിതമായ തീരുമാനങ്ങളെടുക്കുമെന്നും വിദേശകാര്യവക്താവ് അറിയിച്ചു.

**&&&&&&&&&&&&&&&&&&&&&&&&&&**

## WEST ASIA CONFLICT (INTRO)

ഇറാൻ ഇസ്രായേൽ സംഘർഷത്തിൽ പശ്ചിമേഷ്യൻ മേഖലയിൽ അശാന്തി പടരുന്നു. ഇറാൻ തലസ്ഥാനമായ ടെഹ്റാനിലെയും ലെബനൻ തലസ്ഥാനമായ

ബെയ്റൂട്ടിലെയും സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് ഇസ്രായേൽ ആക്രമണം നടത്തുകയാണ്. ഇറാന്റെ ആക്രമണങ്ങൾക്കെതിരെ യുഎസ് ശക്തമായി തിരിച്ചടിക്കുമെന്ന് പ്രസിഡന്റ് ഡോണൾഡ് ട്രംപും പറഞ്ഞു.

അതേസമയം, ഇറാന്റെ നതാൻസ് ആണവ കേന്ദ്രത്തിൽ ആക്രമണത്തെ തുടർന്ന് നാശനഷ്ടങ്ങൾ ഉണ്ടായതായി അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി സ്ഥിരീകരിച്ചു. ആണവ വികിരണത്തിന്റെ ലക്ഷണങ്ങളൊന്നും കണ്ടെത്തിയിട്ടില്ലെന്ന് യുഎൻ ആണവ നിരീക്ഷണ സംഘം അറിയിച്ചു.

വിശദാംശങ്ങളിലേക്ക്....

( വോയിസ്.....)

## WEST ASIA CONFLICT (VOICE)

തെക്കൻ ലെബനനിലും അതിർത്തി പ്രദേശങ്ങളിലും പ്രതിരോധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇസ്രായേൽ പ്രതിരോധ സേന നിലയുറപ്പിച്ചിട്ടുണ്ട്. ഇറാനിയൻ ഭരണകൂടത്തിനുവേണ്ടി ഹിസ്ബുള്ള ഇസ്രായേലിനെ ആക്രമിക്കുകയാണെന്നും ഹിസ്ബുള്ള കേന്ദ്രങ്ങൾക്കെതിരെ തങ്ങൾ പ്രത്യാക്രമണം നടത്തുന്നുണ്ടെന്നും ഇസ്രായേൽ പ്രതിരോധ സേന വ്യക്തമാക്കി. ബെയ്റൂട്ടിലെ ഇസ്രായേൽ ആക്രമണങ്ങളിൽ പലസ്തീൻ ഇസ്ലാമിക് ജിഹാദ് കമാൻഡർ അബു ഹംസ റാമിയും ഹിസ്ബുള്ളയുടെ ഇന്റലിജൻസ് ആസ്ഥാനത്തിന്റെ തലവനായ ഹുസൈൻ

മക്ലൌഡും കൊല്ലപ്പെട്ടതായി ഐഡിഎഫ് സ്ഥിരീകരിച്ചു. ഇറാനിലെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സിന്റെ നിയന്ത്രണ സംവിധാനങ്ങൾ, ഇറാനിയൻ വ്യോമ പ്രതിരോധ ശേഷികൾ, മിസൈൽ, ഡ്രോൺ വിക്ഷേപണ കേന്ദ്രങ്ങൾ, സൈനിക വ്യോമതാവളങ്ങൾ എന്നിവ തകർത്തതായി അമേരിക്കൻ സൈന്യവും വ്യക്തമാക്കി. ഇറാന്റെ ഭീഷണികൾക്കെതിരെ യുഎസ് സൈനിക നടപടി തുടരുമെന്നും അറിയിച്ചിട്ടുണ്ട്. അതേസമയം, യു.എസ് ഓപ്പറേഷനിടെ ഇതുവരെ ആറ് യുഎസ് സൈനികരാണ് കൊല്ലപ്പെട്ടത്. ടെഹ്റാനിൽ നിന്ന് ബഹ്റൈനിലെ സിവിലിയൻ കേന്ദ്രങ്ങൾക്ക് നേരെ ആക്രമണം നടന്നതായി യുഎസിലെ ബഹ്റൈൻ അംബാസഡർ അബ്ദുള്ള ബിൻ റാഷിദ് ബിൻ അബ്ദുള്ള അൽ ഖലീഫ ആരോപിച്ചു. ബഹ്റൈന്റെ വ്യോമ പ്രതിരോധ സംവിധാനങ്ങൾ 70 ഇറാനിയൻ ബാലിസ്റ്റിക് മിസൈലുകളും 59 ഡ്രോണുകളും നിർവീര്യമാക്കിയതായും അദ്ദേഹം പറഞ്ഞു. സൗദി അറേബ്യയിലെ റിയാദിലുള്ള യുഎസ് എംബസിയിലും ഇറാൻ ഡ്രോൺ ആക്രമണമുണ്ടായി.
ന്യൂസ്ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&&&&&

**INDIAN EMBASSY IRAN**

പശ്ചിമേഷ്യയിലെ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ സുരക്ഷാഭീഷണി കണക്കിലെടുത്ത് ടെഹ്റാനിലുണ്ടായിരുന്ന ഭൂരിഭാഗം ഇന്ത്യൻ വിദ്യാർത്ഥികളെയും സുരക്ഷിതകേന്ദ്രങ്ങളിലേക്ക് മാറ്റിയതായി ഇറാനിലെ ഇന്ത്യൻ എംബസി അറിയിച്ചു. ഇവർക്ക് ഭക്ഷണം, താമസം തുടങ്ങിയവയ്ക്കുള്ള ക്രമീകരണങ്ങൾ ഒരുക്കിയതായും എംബസി വ്യക്തമാക്കി. ഇറാനിൽ തുടരുന്ന ഇന്ത്യൻ വിദ്യാർത്ഥികളോടും പൗരന്മാരോടും വീടുകൾക്കുള്ളിൽ തന്നെ കഴിയാനും പ്രതിഷേധങ്ങൾ നടക്കുന്ന മേഖലകളിൽ നിന്ന് വിട്ടുനിൽക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

## PETROLEUM MINISTRY

പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്നുള്ള ആഗോള ഊർജ്ജ സഹചര്യം കണക്കിലെടുത്ത്, രാജ്യത്തെ ജനങ്ങൾക്ക് ഇന്ധന ലഭ്യത ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചതായി കേന്ദ്രസർക്കാർ. നിലവിലെ സാഹചര്യം നേരിടാൻ ആവശ്യമായ ഊർജ്ജ ശേഖരം രാജ്യത്തിനുണ്ടെന്ന് കേന്ദ്ര പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയം വ്യക്തമാക്കി. ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടായാൽ അത് നേരിടാൻ രാജ്യം സജ്ജമാണെന്നും കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## AIR INDIA FLIGHT

പശ്ചിമേഷ്യയിലെ സംഘർഷഭരിതമായ സാഹചര്യങ്ങൾക്കിടയിൽ ദുബായിൽ നിന്നുള്ള ആദ്യ എയർ ഇന്ത്യ വിമാനം ഇന്ന് ന്യൂഡൽഹിയിലെത്തി. 149 യാത്രക്കാരും 8 ജീവനക്കാരുമാണ് വിമാനത്തിൽ ഉണ്ടായിരുന്നത്. ദുബായിൽ നിന്നും അബുദാബിയിൽ നിന്നും ഇന്ത്യയിലേക്കുള്ള വിമാന സർവീസുകൾ

പുനരാരംഭിച്ചത് യുഎഇയിൽ കുടുങ്ങിക്കിടക്കുന്ന ആയിരക്കണക്കിന് ഇന്ത്യക്കാർക്ക് ആശ്വാസമായി.

&&&&&&&&&&&&&&&&&&&&&&

## CBSE-EXAM ADVISORY

ഗൾഫ് മേഖലയിൽ ഈ മാസം 5, 6 തീയതികളിൽ നടത്താനിരുന്ന 10, 12 ക്ലാസ്സുകളിലെ സി.ബി.എസ്.ഇ , SSLC പരീക്ഷകൾ മാറ്റിവെച്ചു. ബഹ്റൈൻ, ഇറാൻ, കുവൈറ്റ്, ഒമാൻ, ഖത്തർ, സൗദി അറേബ്യ, യു.എ.ഇ എന്നീ രാജ്യങ്ങളിലെ നിലവിലെ സാഹചര്യം കണക്കിലെടുത്താണ് തീരുമാനം. പുതുക്കിയ പരീക്ഷാ തീയതികൾ പിന്നീട് അറിയിക്കും.

&&&&&&&&&&&&&&&&&&&&&&

## PIB FACTCHECK- DEFENCE

ഇറാനെതിരായ ഇസ്രായേൽ ആക്രമണത്തെ പിന്തുണച്ച് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സംസാരിക്കുന്നതായി സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് പി ഐ ബി വസ്തുത പരിശോധനാ വിഭാഗം. ഇത്തരം കൃത്രിമ വീഡിയോകൾക്കും വാർത്തകൾക്കുമെതിരെ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&&&&&

## LOKA KERALA SABHA - MEETING

പ്രവാസി മലയാളികളുടെ സുരക്ഷയും ആശങ്കകളും മനസിലാക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ ജി.സി.സി രാജ്യങ്ങളിലെ ലോക കേരള സഭ പ്രതിനിധികളുടെ ഓൺലൈൻ യോഗം വിളിച്ചു ചേർത്തു. ഗൾഫ് മലയാളികളുടെ നിലവിലെ ആവശ്യങ്ങൾ നേരിട്ടറിഞ്ഞ് സർക്കാരിന്റെ പിന്തുണ ഉറപ്പാക്കുന്നതിനായാണ് യോഗം ചേർന്നത്.

&&&&&&&&&&&&&&&&&&&&&&

## V P SHIVRAJ

രാജ്യത്തെ ഗ്രാമവികസന മേഖലയിൽ നടക്കുന്ന പരിവർത്തനാത്മക സംരംഭങ്ങൾ അഭിനന്ദനാർഹമെന്ന് ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ. ന്യൂഡൽഹിയിലെ പാർലമെന്റ് ഹൗസിൽ കേന്ദ്ര ഗ്രാമവികസന മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ, സഹമന്ത്രി ചന്ദ്രശേഖർ പെമ്മസാനി എന്നിവരുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. മന്ത്രാലയത്തിന്റെ വിവിധ സംരംഭങ്ങളെക്കുറിച്ച് കേന്ദ്രമന്ത്രിമാർ വിശദീകരിച്ചു.

&&&&&&&&&&&&&&&&&&&&&&

## GEORGE KURIAN

കേന്ദ്ര പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിൽ കേരളം അയൽ തീരദേശ സംസ്ഥാനങ്ങളേക്കാൾ മുന്നിലെത്തിയതായി കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. മത്സ്യബന്ധന അടിസ്ഥാന സൗകര്യ വികസന ഫണ്ടിനെ കുറിച്ചുള്ള അവലോകന യോഗവും ശില്പശാലയും കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കൊച്ചിൻ ഷിപ്പ്യാർഡ് CSR ഗ്രാന്റ് ഉപയോഗിച്ച് മത്സ്യത്തൊഴിലാളികൾക്ക് ആമകൾ ഉൾപ്പെടാതെ മത്സ്യബന്ധനം നടത്തുന്നതിനുള്ള ഉപകരണങ്ങളുടെ വിതരണവും ചടങ്ങിൽ നടന്നു.

&&&&&&&&&&&&&&&&&&&&&&

## ICC T-20

ICC ടസന്റി - 20 ലോകകപ്പ് സെമി ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കമാവും. ആദ്യ സെമിയിൽ നാളെ ദക്ഷിണാഫ്രിക്ക- ന്യൂസിലൻഡിനെ നേരിടും. മറ്റന്നാളാണ് ഇന്ത്യ - ഇംഗ്ലണ്ട് സെമി പോരാട്ടം. ഈ മാസം എട്ടിനാണ് ഫൈനൽ.

&&&&&&&&&&&&&&&&&&&&&&

## PONKALA

ആറ്റുകാലമ്മയ്ക്ക് പൊങ്കാല നിവേദ്യം അർപ്പിച്ച് ഭക്തജനലക്ഷങ്ങൾ. പ്രാർത്ഥനാ സായൂജ്യത്താൽ മനം നിറഞ്ഞ് അനന്തപുരി.

&&&&&&&&&&&&&&&&&&&&&&

## HOLI COLOUR PREPARATIONS - WORKSHOP

രാജ്യത്തെ ജനങ്ങൾക്ക് ഹോളി ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. നാളെയാണ് വർണ്ണങ്ങളുടെ ഉത്സവമായ ഹോളി. പരിസ്ഥിതി വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം വിവിധ ഇക്കോ ക്ലബ്ബുകളിൽ പരിസ്ഥിതി സൗഹൃദ ഹോളി നിറങ്ങൾ നിർമ്മിക്കുന്നതിനുള്ള ശില്പശാലകൾ സംഘടിപ്പിച്ചു. പ്രകൃതിദത്തമായ വസ്തുക്കൾ ഉപയോഗിച്ച് നിറങ്ങൾ നിർമ്മിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ പരിപാടിയിലൂടെ സാധിച്ചതായി മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## SABARIMALA GOLD CASE

ശബരിമല സ്വർണ അപഹരണവുമായി ബന്ധപ്പെട്ട ദ്വാരപാലക കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡൻ്റ് എ. പത്മകുമാറിൻ്റെ സ്വാഭാവിക ജാമ്യഹർജിയിൽ കൊല്ലം വിജിലൻസ് കോടതി നാളെ വിധി പറയും. ഇന്ന് ഹർജി പരിഗണിച്ച ശേഷം വിധിപറയാൻ നാളത്തേക്ക് മാറ്റുകയായിരുന്നു. കട്ടിപ്പാളികേസിൽ കഴിഞ്ഞമാസം 20 ന് പത്മകുമാറിന് ജാമ്യം ലഭിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&&

## K. P UNNIKRISHNAN

മുൻ കേന്ദ്ര മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ കെ. പി. ഉണ്ണികൃഷ്ണൻ്റെ നിര്യാണത്തിൽ അനുശോചിച്ച് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, കെപിസിസി അധ്യക്ഷൻ തുടങ്ങിയവർ.

സംസ്കാരം നാളെ രാവിലെ കോഴിക്കോട് മാനാരി ശ്മ്ശാനത്തിൽ നടക്കും. കോഴിക്കോട് ചികിത്സയിലിരിക്കെ ഇന്ന് പുലർച്ചെയായിരുന്നു അന്ത്യം. 89 വയസ്സായിരുന്നു. പത്രപ്രവർത്തകനായിരുന്ന കെ. പി. ഉണ്ണികൃഷ്ണൻ 1971-ൽ വടകരയിൽ നിന്ന് വിജയിച്ചാണ് ആദ്യമായി ലോക്സഭയിലെത്തുന്നത്.

**&&&&&&&&&&&&&&&&&&&&&&**

## BHUPENDER - WILDLIFE DAY

ലോക വന്യജീവി ദിനം ഭൂമിയുടെ അത്ഭുതകരമായ ജൈവവൈവിധ്യത്തിന്റെ ആഘോഷമാണെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്. ഭൂമിയുടെ പ്രകൃതിദത്ത പൈതൃകം സംരക്ഷിക്കുന്നതിനായി സമൂഹത്തിലുടനീളം തുടർച്ചയായ പരിശ്രമങ്ങൾ അനിവാര്യമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

**&&&&&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&&&**